# ‘പഞ്ചാപ്പുര’യെയും ‘ഇടപ്പഴഞ്ഞി’യെയും വികലമാക്കാൻ ശ്രമമെന്ന്

**തിരുവനന്തപുരം:** ‘കേരളത്തിലെ സ്ഥലനാമങ്ങൾ ചരിത്രം-സംസ്കാരം’ എന്ന വിഷയത്തിൽ കേന്ദ്ര സാഹിത്യ അക്കാദമി, പൂജപ്പുര യുവജനസമാജം ഗ്രന്ഥശാലയുടെ സഹകരണത്തോടെ ചർച്ച സമ്മേളനം സംഘടിപ്പിച്ചു.

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പ്രഫ. വി. കാർത്തികേയൻ നായർ ഉദ്ഘാടനം ചെയ്തു. സംസ്കൃതിയുടെ അവശേഷിപ്പുകളായ പ്രാചീന സ്ഥലനാമങ്ങളെ കണ്ണിലെ കൃഷ്ണമണിപോലെ കാത്തുസൂക്ഷിക്കണമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. സാഹിത്യ അക്കാദമി ഉപദേശക സമിതി അംഗം ഡോ. കായംകുളം യൂനുസ് അധ്യക്ഷതവഹിച്ചു.



കേരളത്തിലെ സ്ഥലനാമങ്ങൾ ചരിത്രം-സംസ്കാരം എന്ന വിഷയത്തെക്കുറിച്ച് കേന്ദ്ര സാഹിത്യ അക്കാദമി പൂജപ്പുരയിൽ നടത്തിയ ചർച്ച സമ്മേളനം ഉദ്ഘാടനം ചെയ്ത് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പ്രഫ. വി. കാർത്തികേയൻ നായർ സംസാരിക്കുന്നു

ഡോ. വിളക്കുടി രാജേന്ദ്രൻ, ഡോ. അജയപുരം ജ്യോതിഷ് കുമാർ, എൽ.വി. ഹരികുമാർ, വെള്ളനാട് രാമചന്ദ്രൻ, പഴവിള ശശി, നൈജ എസ്. നായർ, ജി. രാധാകൃഷ്ണൻ, വെള്ളിമൺ രവി എന്നിവർ സംസാരിച്ചു.



കേന്ദ്ര സാഹിത്യ അക്കാദമി പൂജപ്പുര യുവജനസമാജം ഗ്രന്ഥശാലയുമായി ചേർന്നു സംഘടിപ്പിച്ച 'കേരളത്തിലെ സ്ഥലനാമങ്ങൾ, ചരിത്രം-സംസ്കാരം' എന്ന ചർച്ചാ സമ്മേളനം ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പ്രഫ. വി.കാർത്തികേയൻ നായർ ഉദ്ഘാടനം ചെയ്യുന്നു.

# സ്ഥലനാമങ്ങൾ; കേന്ദ്രസാഹിത്യ അക്കാദമി ചർച്ച നടത്തി

തിരുവനന്തപുരം● 'കേരളത്തിലെ സ്ഥലനാമങ്ങൾ, ചരിത്രം-സംസ്കാരം' എന്ന വിഷയത്തിൽ കേന്ദ്ര സാഹിത്യ അക്കാദമി, പൂജപ്പുര യുവജനസമാജം ഗ്രന്ഥശാലയുടെ സഹകരണത്തോടെ ചർച്ചാ സമ്മേളനം സംഘടിപ്പിച്ചു. സാഹിത്യ അക്കാദമി ഉപദേശകസമിതി അംഗം ഡോ. കായംകുളം യൂനുസ് അധ്യക്ഷത വഹിച്ചു.

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പ്രഫ. വി.കാർത്തികേയൻ നായർ ഉദ്ഘാടനം ചെയ്തു. സംസ്കൃതിയുടെ അവശേഷിപ്പുകളായ പ്രാചീന സ്ഥലനാമങ്ങളെ കണ്ണിലെ കൃഷ്ണമണിപോലെ കാത്തുസൂക്ഷിക്കണമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

പ്രചീന സ്ഥലനാമങ്ങളെ മാറ്റിമറിക്കാനുള്ള ബോധപൂർവമായ ശ്രമങ്ങൾ നടക്കുന്നുണ്ടെന്നു ചർച്ചയ്ക്കു തുടക്കം കുറിച്ച സ്ഥലനാമ ഗവേഷകനായ ഡോ. വിളക്കുടി രാജേന്ദ്രൻ പറഞ്ഞു.

രാജവാഴ്ചക്കാലത്ത് സൈനികർക്കു കരമൊഴിവായി നൽകിയ വിരുത്തിനിലമാണ് 'ഇടപ്പഴഞ്ഞി' (വഴുതക്കാടിനും പാങ്ങോടിനും ഇടയ്ക്കുള്ള വയൽ പ്രദേശം). പഴഞ്ഞി എന്നാൽ വയൽ എന്നർത്ഥം.

ഇതിനെ 'ഇടപ്പഴനി'യാക്കി ബോർഡുകൾ പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. ചരിത്രത്തെയും സംസ്കാരത്തെയും അവഹേളിക്കലാണിത്.

അക്കാദമി ഉപദേശക സമിതി അംഗം എൽ. വി.ഹരികുമാർ, ഡോ. അജയപുരം ജ്യോതിഷ്കുമാർ, വെള്ളനാട് രാമചന്ദ്രൻ, പഴവിള ശശി, ശൈലജ എസ്.നായർ, ജി.രാധാകൃഷ്ണൻ, വെള്ളിമൺ രവി എന്നിവർ പ്രസംഗിച്ചു.

